# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം.

പൊതുവിദ്യാലയങ്ങൾ വിപ്ലവകരമായ മാറ്റത്തിന്റെ പാതയിലാണ്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടത് നാടിനത്യാവശ്യമായ കാര്യമാണെന്ന തിരിച്ചറിവിൽ നിന്നുമുയിർകൊണ്ട പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിനു ശേഷം വിദ്യാകിരണം പദ്ധതിയിലൂടെ വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ മുഖച്ഛായ മാറ്റിക്കൊണ്ടിരിക്കുകയാണ്. സർക്കാർ വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, നാട്ടുകാർ, അധ്യാപക രക്ഷാ കർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ എല്ലാവരുടേയും കൂട്ടായ പ്രവർത്തനത്തിലൂടെ വിദ്യാല യങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനുള്ള ശ്രമം നടന്നുവരികയാണ്.

വിവിധ മേഖലകളിലുള്ള ഇല്ലായ്മകൾ കണ്ടെത്തി പരിഹരിക്കാനായി വ്യത്യസ്തതലങ്ങളി ലുള്ള ആസൂത്രണങ്ങളിലൂടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. വിദ്യാലയസാഹ ചര്യങ്ങൾക്കിണങ്ങിയ പ്രവർത്തനങ്ങൾ കണ്ടെത്തി മികച്ച ആസൂത്രണത്തിലൂടെ അവ നടപ്പിലാ ക്കുകയും കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലേ ക്കുള്ള ഒരു മാർഗ്ഗരേഖയാണ് ഈ മാസ്റ്റർപ്ലാൻ

# വിദ്യാലയചരിത്രം

സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട് കോഴിക്കോടിന്. ലോക പ്രസിദ്ധ വാണിജ്യകേന്ദ്രവും തുറമുഖ നഗരവുമായിരുന്നു കോഴിക്കോട്. കോഴിക്കോട് തുറമുഖത്തിന്റെ ഭാഗവും ലോകശ്രദ്ധയാർജ്ജിച്ച മരവ്യവസായകേന്ദ്രവുമായ കല്ലായ് പുഴയോരത്ത് ദേശീയപാതയോട് ചേർന്ന് വിദ്യാലയമാണ് കല്ലായ് ഗവൺമെന്റ് യു.പി.സ്കൂൾ.

സാധാരണക്കാർക്ക് അക്ഷരാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്ത് ഒരു പ്രദേശത്തിന്റെയാകെ വിദ്യാഭ്യാസആവശ്യം നിറവേറ്റിയത് ഈ വിദ്യാലയമായിരുന്നു. 1912ൽ ഒരു എൽ.പി.സ്കൂൾ ആയാണ് ഈ വിദ്യാലയം ജന്മംകൊണ്ടത്. പിന്നീട് യു.പി.സ്കൂളായി ഉയർത്തപ്പെട്ടു. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയിൽ വീർപ്പുമുട്ടിയിരുന്ന ഈ വിദ്യാലയം ഇന്ന് വികസനപാതയിലാണ്. പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയത് നിർമിക്കുന്ന ജോലി അതിന്റെ അവസാനഘട്ടത്തിലാണ്. ആകെയുള്ള 42.84സെന്റ് സ്ഥലം ശാസ്ത്രീയമായി വിനിയോഗിച്ചാണ് ഈ വിദ്യാലയം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത്. കോഴിക്കോട് നഗരത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ് ഈ വിദ്യാലയം. വിദ്യാലയപുരോഗതിക്കായി അഹോരാത്രം പ്രവർത്തിക്കുന്ന പി.ടി.എ യും എസ്.എസ്.ജിയും എസ്.എം.സിയും എം.പി.ടി.എയും അധ്യാപകരും വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്. നഗരത്തിലെ മികച്ച പിടിഎയ്ക്കുള്ള വിദ്യാഭ്യാസവകുപ്പിന്റെ അവാർഡിന് ഈ വിദ്യാലയത്തെ തെരഞ്ഞെടുത്ത് എന്നത് എടുത്തുപറയേണ്ട കാര്യമാണ്. വികസനമാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാനുള്ള പ്രയത്നത്തിലാണ് ഏവരും.

## ഭൗതിക സൗകര്യങ്ങൾ, ലഭ്യതയും, അപര്യാപ്തതയും

| | | |
|---|---|---|
| 1 | ലഭ്യമായ സ്ഥലത്തിന്റെ അളവ് | 42.84സെന്റ് |
| 2 | കളിസ്ഥലം | ഇല്ല |
| 3 | മികച്ച കെട്ടിടങ്ങളുടെ എണ്ണം | 3 |
| 4 | റിപ്പയർ ആവശ്യമായ കെട്ടിടങ്ങൾ | 1 |
| 5 | ആകെയുള്ള ക്ലാസ് മുറികളുടെ എണ്ണം | 30 |
| 6 | KER പ്രകാരം വിസ്തൃതി ഉള്ളവ | 28 |
| 7 | ഇനിയും ആവശ്യമായ ക്ലാസ് മുറികൾ | 2 |
| 8 | ലൈബ്രറി റൂം | സൗകര്യക്കുറവ് |
| 9 | ജലസ്രോതസ്സ് | കിണർ |
| 10 | കുടിവെള്ള ലഭ്യത | കോർപ്പറേഷൻപൈപ്പ് |
| 11 | സയൻസ് ലാബ് | ഉണ്ട് |
| 12 | കമ്പ്യൂട്ടറുകളുടെ എണ്ണം | 15 |
| 13 | കമ്പ്യൂട്ടർ ലാബ് | മികച്ചത് |
| 14 | ഭക്ഷണഹാൾ | ഇല്ല |
| 15 | ആൺകുട്ടികൾക്കുള്ള ശുചിമുറി | 12 |
| 16 | പെൺകുട്ടികൾക്കുള്ള ശുചിമുറി | 8 |
| 17 | ഭിന്നശേഷിക്കാർക്കുള്ള ശുചിമുറി | 1 |
| 18 | ജീവനക്കാർക്കുള്ള ടോയ്‌ലറ്റ് | 1 |
| 19 | കൈകഴുകാനുള്ള ടാപ്പുകൾ | 24 |
| 20 | കുടിവെള്ള ടാപ്പുകൾ | 2 |
| 21 | പാചകപ്പുര | സൗകര്യക്കുറവ് |
| 22 | ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള മുറി | സൗകര്യക്കുറവ് |
| 23 | വൈദ്യുതീകരിക്കാത്ത ക്ലാസ്സ് മുറികൾ | ഇല്ല |

കലാകായികപഠനത്തിനുള്ള മുറി, ഭിന്നശേഷിക്കാർക്കുള്ള മികച്ച ടോയ്‌ലറ്റ്, ബെഞ്ചുകൾ, ഡസ്ക്കുകൾ എന്നിവ ഇനിയും ലഭ്യമാവേണ്ടതുണ്ട്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി യു പി എസ് കല്ലായ്

## യു. പി. മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.അടിസ്ഥാനം ഗണിത എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്ന | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മുത്തുകൾ ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്ന | ജൂൺ ജൂലൈ | ഗണിത അധ്യാപകർ | |
| 2 .രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ ,പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | ഗണിത അധ്യാപകർ | |
| 3 . ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | പിടിഎ |
| 4 . ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം | ഗണിത ഗ്രാമം ഗണിതത്തിൽ | വർഷത്തിൽ രണ്ടു തവണ | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ | |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കൽ | പ്രാവീണ്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലയിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | | അംഗങ്ങളും | |
| 6 . ആധുനികശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിനായിപ്രയോജനപ്പെടുത്തുന്നു | താല്പര്യമുള്ള രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന ഐടി സാധ്യതയിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ടാൻഗ്രാംഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി | വർഷത്തിൽ മൂന്നോ നാലോ തവണ | | |
| 7 . ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിൽ എത്തിക്കുന്നു | കൊണ്ട് കുട്ടികളിലേക്ക് വേഗത്തിൽ എത്തിക്കാൻ സാധിക്കുന്നു ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകനും സമർത്ഥരായ കുട്ടികളും | |
| 8 .വിവിധ ശേഷികളുടെ വികസനം | കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണം | എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | ദിനാചരണം- ജൂൺ മുതൽ മാർച്ച് വരെ ആചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി എസ്.ആർജി യിൽ രൂപപ്പെടുത്തുന്നു, ചില ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
# ഗവൺമെൻറ് യുപി സ്കൂൾ കല്ലായി
# ബേസിക് സയൻസ്
# 2025 -26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 . ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്-</u> ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം കളം ജൈവവേലി, എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | വിവിധ ക്ലബ്ബുകൾ | പിടിഎ |
| | <u>കണ്ടൽക്കാടിലൂടെ ഒരു യാത്ര-</u> കണ്ടൽക്കാടുകൾ സന്ദർശിച്ച് കണ്ടൽക്കാടിലൂടെ യാത്ര നടത്തി അതിൻറെ പ്രത്യേകതകൾ കണ്ടെത്തി അനുഭവക്കുറിപ്പുകൾ തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | <u>പുഴയെ അറിയാൻ</u> പുഴയെക്കുറിച്ച് മനസ്സിലാക്കുന്നതിനും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും ആയി പുഴയുടെ തീരത്തേക്ക് ഒരു യാത്ര സംഘടിപ്പിക്കുന്നു | ജൂൺ മുതൽ ഡിസംബർ | സയൻസ് അധ്യാപകൻ | |
| 2 . ശാസ്ത്ര പ്രക്രിയ ശേഷി വർദ്ധിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | <u>പരീക്ഷണ കളരി</u> നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര | അക്കാഡമിക് വർഷം | ശാസ്ത്ര ക്ലബ് | |

| | | | | |
|---|---|---|---|---|
| | പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു<br>**ശാസ്ത്ര എക്സ്പോ**<br>ശാസ്ത്ര പരീക്ഷണങ്ങളും കുട്ടികൾ നിർമ്മിച്ച ശാസ്ത്രവുമായി ബന്ധപ്പെട്ട് ഉപകരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിന് ക്ലാസുകളിൽ ശാസ്ത്രം മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>**വിസ്മയ യാത്ര**<br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര തത്വങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br>ചന്ദ്രനെ അറിയാൻ-<br>ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് ചന്ദ്രനിലെ രസകരമായ അനുഭവങ്ങളും കാഴ്ചകളും ഐസിടിയുടെ സഹായത്തോടെ കുട്ടികളുടെ മുന്നിലെത്തിക്കുന്നു | ആഗസ്റ്റ്<br>അക്കാദമിക് വർഷം<br>അക്കാഡമിക് വർഷം<br>അക്കാദമിക വർഷം<br>ജൂലൈ | ശാസ്ത്ര അധ്യാപകർ<br>വിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ<br>വിദ്യാർത്ഥികൾ<br>ശാസ്ത്രാധ്യാപകർ | |
| | **റെയിൻബോ**- സയൻസ് ക്യാമ്പ് നടത്തുന്നു, അതോടനുബന്ധിച്ച് വാനനിരീക്ഷണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഫെബ്രുവരി-മാർച്ച് | വിവിധ ക്ലബ്ബുകൾ | രക്ഷിതാക്കൾ |
| നിരീക്ഷണം | **ബോട്ടാണിക്കൽ ഗാർഡൻ സന്ദർശനം** | | ശാസ്ത്ര ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | വ്യത്യസ്തമായ സസ്യങ്ങളെ കുറിച്ച് കണ്ടറിഞ്ഞ് മനസ്സിലാക്കുന്നതിന് അവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും | അക്കാദമിക വർഷം | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യ ശാസ്ത്രം

## 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അമ്മത്തൊട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സംസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2- പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3- ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമസഭ, വാർഡ്സഭ മീറ്റിംഗിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4- | പ്രകൃതി ദുരന്തങ്ങളെ മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളെ മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5- | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രേരിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ അഭയഹസ്തമേകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ച് ചാട്ടം സൈബർ കുറ്റകൃത്യങ്ങൾ, റോഡ് സുരക്ഷാ നിയമങ്ങൾ എന്നി വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ, കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 7- | സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8- | സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക്<br>സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ ക്ലിപ്തനേരം കൊണ്ടെഴുതുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയം – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ, റെഡ്ഫോർട്ട്, ഫത്തേപൂർസിക്രി, ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെയും, മുഗൾ രാജാക്കന്മാരുടെയും വീഡിയോ പ്രദർശനം പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുക. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ആശയങ്ങൾ, സന്ദേശങ്ങൾ, ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക. | സ്കിറ്റ് തയ്യാറാക്കാം<br>ബോധവൽക്കരണ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കൽ.<br>ഭക്തിപ്രസ്ഥാനം ICT സാധ്യതകൾ ഉപയോഗിച്ച് വീഡിയോ പ്രദർശനം. | ജൂലൈ | | |
| സമത്വം സൃഷ്ടിക്കുന്ന നീതിയും ന്യായവും അംഗീകരിക്കുക<br>സാമ്പത്തിക വികസനം സമർഥിക്കുക. | പ്രൊജക്ട്<br>ഇന്ത്യയിൽ ഇതുവരെ നടത്തിയ ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രൊജക്ട് തയ്യാറാക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിയമങ്ങൾ മനസ്സിലാക്കൽ നിയമങ്ങളുടെ പ്രവർത്തന രീതി പരിശോധിക്കാൻ | നിയമ വാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയമങ്ങളെ- കുറിച്ചും വീഡിയോ പ്രദർശനം, ചർച്ച | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ആരും നിയമ- ത്തിന് അതീത രല്ലെന്ന ബോധം ഉണ്ടാക്കാൻ | | | | |
| കുട്ടികൾക്കെ- തിരെയുള്ള അതിക്രമം ലൈംഗിക പീഡനം, അശ്ലീല മടങ്ങിയ കാര്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമായ പോക്സോ നിയമം. | പോക്സോ ബോധവൽ- ക്കരണ - വീഡിയോ പ്രദർശനം, നിയമ വിദ- ഗ്ധരുടെ വീഡിയോ പ്രദർശനം. | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക അനുഭവങ്ങളുടെ പ്രാധാന്യത്തെ പിന്തുടർച്ചക്കാ | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ഭരണഘടന മുന്നോട്ടുവെക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തരാക്കുക. | ക്ലാസ് ഭരണഘടന<br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടാക്കുക<br><br>Safe touch / Secret touch തിരിച്ചറിയുക പറയേണ്ടിടത്ത് No പറയാൻ പരിശീലിക്കുക. | ലഘുലേഖ തയ്യാറാക്കാം<br>കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലഘുലേഖ തയ്യാറാക്കൽ | ആഗസ്റ്റ് | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക | നമുക്കൊരു ലോകത്തെ<br>വെള്ളപ്പൊക്കം, ഭൂമികുലുക്കം, കടൽക്ഷോഭം ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വ്യവസായശാലകളിലെ തുടങ്ങിയ മനുഷ്യ നിർമിത ദുരന്തങ്ങൾ വഴിയും ദുരിതം അനുഭവിക്കുന്നവർക്ക് അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിഭവങ്ങ |
| --- | --- | --- | --- | --- |
| ഗോത്ര ജനതയുടെ സാമൂഹിക ജീവിതം മനസ്സിലാക്കുന്നു. | ഊരുമക്കം. ഗോത്ര ജനതയുടെ വാസസ്ഥലം അവരുടെ പൂർവികരുടെ ജീവിതം കലാ കൃഷി, ഭക്ഷണം സമകാലിക ജീവിതം വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നു. | സെപ്റ്റം-ബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | സ്പെഷ്യൽ സ്കൂളുകൾ videos ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെ കുറിച്ച് മനസ്സിലാക്കി ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് | ' | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| ഭിക്ഷക്കാരുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | ശില്പശാല ഭിക്ഷക്കാരുടെ പലട-ങ്ങളുടെ മാതൃക നിർമ്മിക്കൽ. | സെപ്റ്റം-ബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ തിരിച്ചറിയുക | സർവ്വേ നടത്താം<br>പ്രദേശത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ ഉൾപ്പെടുന്നവരുടെ സർവ്വേ നടത്തുന്നു. | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| വിഷയത്തിന്റെ വിശദീകരണം<br>പഠനത്തിന്റെ വിവരങ്ങൾ നൽകുക<br>ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക<br>പ്രകടനങ്ങൾ സൃഷ്ടിക്കുക | സെമിനാർ<br>ദാരിദ്ര്യനിർമ്മാർജന പദ്ധതികളും, ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| ദാരിദ്ര്യനിർമ്മാർജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നതിന്. | വീഡിയോപ്രദർശനം<br>കുടുംബശ്രീപ്രവർത്തനങ്ങൾ<br>റിപ്പോർട്ട് തയ്യാറാക്കൽ | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1- | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിപോഷിപ്പിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2- | പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3- | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അറബിക്

ലക്ഷ്യങ്ങൾ:-

- അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഓരോ കുട്ടിയിലും ഉണ്ടാക്കുക.
- ചിത്രങ്ങൾ തിരിച്ചറിയൽ, വായന, പദനിർമ്മാണം, പദശേഖരണം, തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ കുട്ടിയും ചെയ്യുക.
- ഉപചാര വാക്കുകൾ, പറയുകയും, പ്രയോഗിക്കുകയും ചെയ്യുന്നു.
- കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നു
- ഭാഷാനിഘണ്ടു നിർമ്മാണം
- ദിനാചരണങ്ങൾ ക്ലാസ് തലത്തിൽ പരിചയപ്പെടുന്നു.

ഉപലക്ഷ്യങ്ങൾ:-

- അക്ഷര വായന
- എഴുത്ത് രീതി പരിചയപ്പെടുന്നു.
- ചിത്രങ്ങൾ ചേർത്ത് വായിക്കുന്നു.
- പുസ്തകത്തിന്റെ സഹായത്തോടെയുള്ള പദനിർമ്മിക്കുന്നു.
- ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു
- കവിത കേട്ട് ആസ്വദിക്കുന്നു.
- ക്ലാസ് തല നിഘണ്ടു നിർമ്മാണം.

# വ്യക്തിഗത മാസ്റ്റർ പ്ലാൻ

ലക്ഷ്യങ്ങൾ/പ്രാധാന്യം.

- പഠന പിന്തുണ തിരിച്ചറിയാൻ
- അനുയോജ്യമായ പ്രവർത്തനങ്ങൾ
- അക്കാദമികവും സാമൂഹികവും വൈകാരികവുമായ നേട്ടങ്ങൾ വികാസം
- സമഗ്ര പഠന പുരോഗതിക്ക്.

* വ്യക്തിഗത മാസ്റ്റർ പ്ലാൻ എന്നാൽ

ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് കൊണ്ട് അവന്റെ കഴിവുകൾ തിരിച്ചറിഞ്ഞ് അവന്റെ പരിമിതികൾ മനസ്സിലാക്കി അവനെ പിന്തുണയ്ക്കാൻ ആവശ്യമായ അക്കാദമിക പ്രവർത്തന രൂപരേഖയാണ് വ്യക്തിഗത അക്കാദമിക മാസ്റ്റർ പ്ലാനുകൾ.

* കുട്ടിയെ ഒരു യൂണിറ്റായി കാണുമ്പോൾ.
* കുട്ടിയുടെ മുഴുവൻ പഠനാനുഭവവും അവന്റെ സാമൂഹ്യ- മാനസികവും ബൗദ്ധികവുമായ വികാസം ആധികാരികമായി രേഖപ്പെടുത്തുന്നു.
* കുട്ടി കൂട്ടത്തിൽ ഒരാളായി മാത്രം അല്ല, [illegible] വിദ്യാഭ്യാസം ആവശ്യമുള്ള ഒരാളാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ആസൂത്രണം | പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിൽ പങ്ക് വെക്കുന്ന രീതി | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| അക്ഷര വായന എഴുത്ത് രീതി ചിഹ്നങ്ങൾ ചേർത്തുള്ള വായന | - അക്ഷര കാർഡുകൾ നൽകുന്നു.<br>- അക്ഷരങ്ങൾക്ക് നിറം നൽകൽ.<br>- ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>- അക്ഷരങ്ങൾക്ക് Outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>- ICT ഓഡിയോ രൂപത്തിൽ ഉപയോഗിക്കുന്നു | പാഠങ്ങളിൽ നിന്ന് ഓരോ പദവും തിരിച്ചറിഞ്ഞ് ചാർട്ടിൽ ഒട്ടിക്കുന്നു<br>- അക്ഷരക്കാർഡുകളിൽ നിന്ന് ഏകവചനങ്ങളും ബഹുവചനങ്ങളും തിരിച്ചറിയുന്നു<br>- പിയർ ഗ്രൂപ്പുകൾ ഉപയോഗിക്കുന്നു<br>- ചാർട്ടുകളും ഓഡിയോകളും ഉപയോഗിക്കുന്നു | - കുട്ടികൾ വായിക്കുന്നു<br>- ഉച്ചാരണ ശുദ്ധിയുണ്ടാകുന്നു.<br>- അക്ഷരങ്ങളും പദങ്ങളും തിരിച്ചറിയുന്നു<br>- ചേർത്ത് വായിക്കുന്നു | CPTA | ജൂൺ ജൂലൈ ആഗസ്റ്റ്. |

| | | | | | |
|---|---|---|---|---|---|
| പദനിർ-മ്മാണം. നിഘണ്ടു നിർമ്മാണം | -അക്ഷരങ്ങൾ നൽകി പാഠ ഭാഗത്ത് നിന്ന് ആ അക്ഷരങ്ങൾ വരുന്ന പദങ്ങൾ കണ്ടെത്തുന്നു<br>-പുതിയ പദങ്ങൾ ശേഖരിക്കുകയും നിഘ-ണ്ടുവിൽ ചേർക്കുകയും ചെയ്യുന്നു<br>-പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു | ക്ലാസിൽ പതിപ്പിക്കുന്നു.<br>അധിക പ്രവർത്തന-ങ്ങൾ നൽകുന്നു | ക്ലാസ് തല നിഘണ്ടു നിർമ്മിക്കുന്നു.<br>പദങ്ങൾ ശേഖരി-ക്കുന്നു. നിർമ്മിക്കുന്നു | CPTA | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസ്സിലാ-ക്കുന്നു ലിംഗങ്ങൾ, ഏകവചനം, ബഹുവച-നങ്ങൾ. | ദിവസവും ക്ലാസിൽ ആവർത്തനത്തിലൂടെ പ്രയോഗിക്കുന്നു.<br>സന്ദർഭങ്ങൾക്കനുസ-രിച്ച് പ്രയോഗിക്കുന്നു | സാങ്കേതികമായി പ്രയോഗിക്കുന്നു | അവസരങ്ങൾക്ക-നുസരിച്ച് ഉപയോഗിക്കുന്നു | CPTA | ആഗസ്റ്റ്– നവംബർ. |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു | ചിത്ര കഥകൾ അവതരിപ്പിക്കുമ്പോൾ, കഥാപാത്രങ്ങൾ, ഉച്ചാര വാക്കുകൾ പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും, വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | വായനാകാർഡുകൾ നൽകി വായിക്കാൻ പരിശീലിപ്പിക്കുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉച്ചാര വാക്കുകൾ കഥ, കവിത, ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | CPTA | ജൂൺ-മാർച്ച് |
| മാഗസിൻ നിർമ്മാണം | ചിത്രങ്ങൾ വരക്കുന്നു. | ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു. | | | |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറിവിന്റെ പ്ലക്കാർഡുകൾ നിർമ്മിക്കുന്നു. | | | | |

# <u>21 ഭക്ഷ്യമേള</u>

<u>ലക്ഷ്യപ്രസ്താവനകൾ</u>

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

<u>ചുമതലകൾ :</u> CPTA .ക്ലാസ്സ് ടീച്ചർ

## ലഘു പ്രോജക്ട്

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

**പ്രവർത്തനങ്ങൾ**

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ്ടീച്ചർ

SRG

# പരീക്ഷണങ്ങൾ

## ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

## പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

# ഗണിത കേളികൾ

## ലക്ഷ്യപ്രസ്താവനകൾ

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

## പ്രവർത്തനങ്ങൾ

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണണം)

കാലാവധി - ജൂൺ - മാർച്ച്

## ചുമതലകൾ

ക്ലാസ് ടീച്ചർ

SRG

## പാട്ടരങ്ങ്

**ലക്ഷ്യപ്രസ്താവനകൾ**

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

# റീഡേഴ്സ് തിയേറ്റർ

- **ലക്ഷ്യപ്രസ്താവനകൾ** -

-- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

# സംയുക്ത ഡയറി

## ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. _ ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## Introduction:

The classroom must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basics skills. There may be learning gap and so many challenges among students regarding to ***LISTENING, SPEAKING, READING and WRITING SKILLS***. The followings are some activities to develop these skills and overcome the challenges.

## Objectives:

- **To include all students in English language learning process.**
- **To enrich and enhance the language proficiency of the learner.**
- **To support and motivate the low proficient learners by scaffolding.**
- **To make the learning process enjoyable by group level competitions and peer group learning.**

English Language Club - UP

| No | Area | Activities | Duration | Finance | Remarks |
|---|---|---|---|---|---|
| 1 | Reading | Card Reading Competition.<br>( Simple Poems and Stories ) | July | | |
| 2 | Reading, Speaking, Writing | Preparing News Report About the programmes conducted in School | August | | |
| 3 | Speaking | Talk on a Topic / Debate | September | | |
| 4 | Speaking and Writing | Drama Theatre<br>( Preparing Scripts based on TB and performance – group level competition ) | October | | |
| 5 | Speaking, Reading and Writing | Documentary / Short Film / Reels based on textual lessons | December | | |
| 6 | LSRW | Talent Show ( English Fest )<br>Victory Celebration, Magazine Publishing and Prize Distribution | February | Rs: 2000 | |

| പ്രവർത്തനം 1<br><br>**ഗണിത ലാബ്  (ഗണിത മധുരം)**<br><br>**ഉപ മേഖല :  ഗണിത കേളികൾ** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്ക് എത്തിക്കുക | കുട്ടികൾക്ക് സ്വാതന്ത്ര്യമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | പിടിഎ | |

| പ്രവർത്തനം 2<br><br>ഗണിത മൂല<br><br>**ഉപ മേഖല :  ഗണിത കേളികൾ** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്ക് എത്തിക്കുക | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ മഞ്ചാടി,കളി നോട്ട് കാർഡുകൾ തുടങ്ങിയവ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം 3**

**യൂണിറ്റ് വിലയിരുത്തൽ**

**ഉപ മേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കാൻ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 4**

സംഖ്യ ബോധം

**ഉപ മേഖല :** സംഖ്യാ വ്യാഖ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധനം സംഖ്യാ വ്യാഖ്യാനം ഇവ ഉറപ്പിക്കൽ | അരവിന്ദ ഗുപ്ത കാർഡ് നിർമ്മാണം ഗണിതത്തിലെ സംഖ്യാബോധം എളുപ്പമാക്കാൻ ഉല്ലാസ ഗണിതം ശില്പശാല | ജൂലൈ ഓഗസ്റ്റ് | പിടിഎ | |

**പ്രവർത്തനം 5**

**ഗണിത ക്ലാസ് പിടിഎ**

**ഉപ മേഖല :** സിപിടിഎ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം 6**

**ഗണിത മധുരം**

**ഉപ മേഖല :** ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്ൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ രക്ഷിതാക്കൾ ഒരുക്കുന്നു ക്യാമ്പുകൾ ശില്പശാലകൾ | ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ | |

# ACADEMIC MASTER PLAN

# ENGLISH - LP

| No | AIM | ACTIVITIES | TIME DURATION | SUPPORT SYSTEM | PERFORMANCE CONTEXT |
|---|---|---|---|---|---|
| 1 | To speak without fear | Me and my own English<br>Children can speak without any fear in their own English vocabulary in language class | June to March | | Class room |
| 2 | To check the vocabulary and writing skills of pupils | One Unit hundred words<br>To give chance to the children to remind hundred words from each and every unit | June to March | Class Sabha | |
| 3 | To develop listening and speaking skills | Language games, Hello English activities, conversations and skits | June to March | SRG | English fest |
| 4 | To develop reading and writing skills | Word Chain Riddles, conversation stories, announcements, library book reading and book review | June to March | SRG | English fest |
| 5 | Develop creative speaking and writing | Library book reading and review presentation, Using ICT familiarise different context of English speaking | September to March | SRG | Class room |
| 6 | To improve presentation power | Book reading and present their own interest.<br>Presentation of skit, role play etc. | January to March | English Teacher | Class English fest |

# ഉർദു അക്കാദമിക്

# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

School: Gups kallai

Name of the Urdu Teacher: surabhi cv

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ..............................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഢേം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |